Draft #2 of File 33379/AC A5-3/2020/AC A 5 (PART-I) Approved by ASSISTANT REGISTRAR III (ACADEMIC) on 04-May-2021 12:08 PM - Page 1

YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

സർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ കോളേജ് ട്രാൻസ്ഫർ -U G - നാലാം സെമസ്റ്റർ -2020 - 21 അക്കാദമിക് വർഷം - ഉത്തരവ് - പുറപ്പെടുവിക്കുന്നു .

---

**അക്കാദമിക് എ 5 സെക്ഷൻ**

നമ്പർ. 2329/AC A 5/2021/എം.ജി.യു                    പ്രിയദർശിനി ഹിൽസ്,തീയതി: 05.05.2021

---

*പരാമർശം:*-1 .കോളേജ് ട്രാൻസ്ഫർ ആവശ്യപ്പെട്ട് ഓൺലൈൻ പോർട്ടൽ മുഖേന നാലാം സെമസ്റ്റർ വിദ്യാർഥികൾ സമർപ്പിച്ച അപേക്ഷകൾ

2 . സർവകലാശാല ഉ .നം 4821 / ACAV / 2020 / എം .ജി .യു തീയതി 20 / 10 / 2020

**<u>ഉത്തരവ്</u>**

സർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിൽ നാലാം സെമസ്റ്റർ 202-21 അക്കാദമിക് വർഷം - പഠിക്കുന്ന വിദ്യാർത്ഥികൾ (U.G) കോളേജ് ട്രാൻസ്ഫർ ആവശ്യപ്പെട്ട് പരാമർശം (1 ) പ്രകാരം അപേക്ഷകൾ സമർപ്പിച്ചിരുന്നു.

നിലവിലെ കോളേജ് ട്രാൻസ്ഫർ ഗൈഡ് ലൈൻസ് അനുസരിച്ച് മുൻ സെമസ്റ്റർ പരീക്ഷകൾ കഴിഞ്ഞ ശേഷമേ വിദ്യാർത്ഥികൾക്ക് കോളേജ് ട്രാൻസ്ഫറിന് അപേക്ഷ സമർപ്പിക്കുവാൻ സാധിക്കുകയുള്ളു. പരീക്ഷയിൽ malpractice നടത്തിയിട്ടില്ല എന്ന പ്രിൻസിപ്പലിന്റെ കത്ത് കൂടി വെച്ചാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

എന്നാൽ, കോവിഡ് -19 - ന്റെ പശ്ചാത്തലത്തിൽ 2020 -21 - അധ്യയന വർഷത്തിൽ മൂന്നാം സെമസ്റ്ററിലേക്ക് കോളേജ് ട്രാൻസ്ഫെറിന് അപേക്ഷിച്ചിരുന്ന വിദ്യാർത്ഥികൾക്ക് മേല്പറഞ്ഞ നിബന്ധനകൾ നിഷ്കർഷിക്കാതെ നടപടി സ്വീകരിക്കുന്നതിന് പരാമർശം (2 ) പ്രകാരം മഹാത്മാ ഗാന്ധി സർവ്വകലാശാല ആക്ട് 1985, അധ്യായം 3, ഛേദം 10 (17) പ്രകാരം വൈസ് ചാൻസലർ അനുവാദം നൽകിയിരുന്നു .

നിലവിൽ മൂന്നാം സെമസ്റ്റർ പരീക്ഷ നടന്നിട്ടില്ലാത്തതിനാൽ, 2020-21 അക്കാദമിക് വർഷത്തെ നാലാം സെമസ്റ്ററിലേക്കുള്ള കോളേജ് ട്രാൻസ്ഫർ അപേക്ഷകളിൽ, മുൻ സെമസ്റ്റർ പരീക്ഷ നടന്നിരിക്കണം എന്നും പരീക്ഷയിൽ malpractice നടത്തിയിട്ടില്ല എന്ന സർട്ടിഫിക്കറ്റ് ഹാജരാക്കണം എന്നും നിഷ്കർഷിക്കാതെ നടപടി സ്വീകരിക്കുന്നതിന് മഹാത്മാ ഗാന്ധി സർവ്വകലാശാല ആക്ട് 1985, അധ്യായം 3, ഛേദം 10 (17) പ്രകാരം വൈസ് ചാൻസലർ അനുവാദം നൽകിയിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

ജോണി കെ എബ്രഹാം

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.വൈസ് ചാൻസലർ /പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പി എസ്

2.രജിസ്ട്രാർ /പരീക്ഷ കൺട്രോളർ എന്നിവരുടെ പി എ

3.ജെ ആർ II (അഡ്മിൻ )/ഡി ആർ II (അക്കാദമിക് )/എ ആർ III(അക്കാദമിക് )

4.എ സി സി 1/എ സി എ 3

5.സി എം എസ് /IQAC

Draft #2 of File 33379/AC A5-3/2020/AC A 5 (PART-I) Approved by ASSISTANT REGISTRAR III (ACADEMIC) on 04-May-2021 12:08 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം